LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്ന ഭൂര ഹിതരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാരിന് എന്തെങ്കിലും പദ്ധതി യുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് എവിടെയെങ്കിലും പുറമ്പോക്ക് ഭൂമിയോ മിച്ചഭൂമിയോ പതിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) റോഡ് പുറമ്പോക്കിൽ താമസിക്കുന്ന ഭൂരഹിതരുടെ സർവേ നടത്തി താലൂക്ക് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കുമോ;

(ഇ) മിച്ചഭൂമി വിതരണം ചെയ്യുമ്പോൾ ഇവർക്ക് മുൻഗണന നൽകാൻ വ്യവസ്ഥ ഏർപ്പെടുത്തുമോ;

(എഫ്) ഇവരുടെ ലിസ്റ്റ് വില്ലേജ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന തിനും അവർക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ)&(ബി) റോഡ് പുറമ്പോക്കിൽ താമസിക്കുന്ന ഭൂരഹിതരെ പുനര ധിവസിപ്പിക്കുന്നതിന് റവന്യൂ വകുപ്പിൽ പ്രത്യേക പദ്ധതി ഒന്നും ഇല്ല. എന്നാൽ ഭവന നിർമ്മാണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇത്തരം ഒരു പദ്ധതി യുണ്ട്. 200 പഞ്ചായത്തുകളിൽ 50 വീടുകൾ വീതം നിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതിയാണ്. പഞ്ചായത്തുകളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കു ന്നത്.

(സി) ഭൂപരിഷ്ക്കരണ നിയമത്തിലെ 96-ാം വകുപ്പ് അനുസരിച്ചാണ് മിച്ചഭൂമി പതിച്ചുനൽകുന്നത് ഈ വ്യവസ്ഥ അനുസരിച്ച് റോഡ് പുറമ്പോ ക്കിൽ താമസിക്കുന്നവർക്ക് പ്രത്യേക പരിഗണന ഇല്ല.

(ഡി) ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ഇ) ഭൂപരിഷ്ക്കരണ നിയമം 96-ാം വകുപ്പ് അനുസരിച്ചാണ് മിച്ച ഭൂമി പതിച്ചു നൽകുന്നത്. ഈ നിയമം അനുസരിച്ച് റോഡ് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പ്രത്യേക പരിഗണന ഇല്ല.

(എഫ്) ഇക്കാര്യം പരിശോധിക്കുന്നതാണ്.

നഗരങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്ക്കരിച്ച് ജൈവവളം ഉണ്ടാക്കാനുള്ള പദ്ധതി

17 (*287)ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറിപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ നിന്ന് നീക്കം ചെയ്യുന്ന മാലിന്യ ങ്ങൾ സംസ്ക്കരിച്ച് ജൈവവളം ഉണ്ടാക്കാനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ട ത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം നഗരങ്ങളിൽ ഇതിനകം ഇത്തരം ജൈവവള ഫാക്ടറികൾ പ്രവർത്തനം ആരംഭിച്ചുവെന്ന് വിശദമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ)&(ബി)നഗരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിച്ച് ജൈവ വളമാക്കുന്നതിനുള്ള പദ്ധതികൾ പ്രധാനപ്പെട്ട നഗരങ്ങളെല്ലാം ആവിഷ്ക്കരിച്ചു കഴിഞ്ഞു. ഇതിൽ കോഴിക്കോട്, തിരുവനന്തപുരം, പാലക്കാട്, ഗുരുവായൂർ എന്നീ നഗരസഭകളിൽ ചവർ സംസ്ക്കരണ ഫാക്ടറികൾ സ്ഥാപിക്കാൻ സർക്കാർ അനുമതിയും നൽകിയിട്ടുണ്ട്. കോഴിക്കോട്, തിരുവനന്തപുരം നഗരസഭകളുടെ ജൈവവളഫാക്ടറികൾ ഏതാനും മാസങ്ങൾക്കകം പ്രവർത്തനം ആരംഭിക്കുമെന്നു കരുതുന്നു. കൂടാതെ ഗുരുവായൂർ നഗരസഭയുടെ ചവറു സംസ്ക്കരണ ഫാക്ടറിയും അടുത്തുതന്നെ പ്രവർത്തനം തുടങ്ങുന്നതാണ്. ആറ് ചെറിയ നഗരസഭകളിലെ ചവർ സംസ്ക്കരണ ഫാക്ടറികൾക്ക് ഗുരുവായൂരിലെ ഫാക്ടറിയുടെ സാങ്കേതികവിദ്യയുടെ ഫലപ്രാപ്തി വിലയിരുത്തിയശേഷം അനുമതി നൽകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

പൊതു നിരത്തുകൾ ദുർഗ്ഗന്ധപൂരിതമാകുന്നതിനെതിരെ നടപടി

18 (*288) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലും സ്പെഷ്യൽ ഗ്രേഡ് ഗ്രാമ പഞ്ചായത്തുകളിലും മാലിന്യങ്ങൾ അടിഞ്ഞുകൂടി പൊതു നിരത്തുകൾ ദുർഗ്ഗന്ധപൂരിതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ യഥാസമയം നീക്കം ചെയ്യുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ;

(സി) ഇവ യഥാസമയം നീക്കം ചെയ്യാത്തതിനാൽ പകർച്ചവ്യാധികൾ ഉണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ ഇക്കാര്യത്തിൽ ഉദാസീനത കാട്ടുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ)&(ബി) നഗരസഭകൾ നീക്കം ചെയ്യേണ്ട മാലിന്യങ്ങൾ യഥാവിധി സംസ്ക്കരിക്കുന്നതിന് വേണ്ടതും സ്ഥലം ലഭ്യമല്ലാത്തതും പരമ്പരാഗത ചവർ നിർമ്മാർജ്ജന രീതികൾക്കെതിരായ സ്ഥലവാസികളുടെ പ്രതിഷേധം, കോടതി നടപടികൾ എന്നിവമൂലം, നിയമാനുസൃതമായി മാലിന്യസംസ്ക്കരണം നടത്തുന്നതിന് പല നഗരസഭകളും ബുദ്ധിമുട്ടുന്നുണ്ട്. പല ഗ്രാമ പഞ്ചായത്തുകളിലും സ്ഥിതി വ്യത്യസ്തമല്ല. ശാസ്ത്രീയ ചവർ സംസ്ക്കരണ ഫാക്ടറികൾ സ്ഥാപിക്കുന്നതിന് സർക്കാർ നഗര സഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം പല നഗരസഭകളും ചവർ സംസ്ക്കരണ ശാലകൾ സ്ഥാപിക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം ചവർ സംസ്ക്കരണശാലകൾ പ്രവർത്തനമാരംഭിക്കുന്നതോടെ മാലിന്യങ്ങൾമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹൃതമാകുന്നതാണ്. ഖരമാലിന്യനിർമ്മാർജ്ജനത്തിന് പഞ്ചായത്തുകൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly